



# കോടികളുടെ കഞ്ചാവുമായി ആന്ധ്രയിലെ മുഖ്യ കച്ചവടക്കാരൻ പാലക്കാട്ട് പിടിയിൽ

മൂന്നു കോടി രൂപ വിലവരുന്ന 296 കിലോഗ്രാം ഉണക്ക കഞ്ചാവുമായി ആന്ധ്രയിലെ മുഖ്യ വ്യാപാരിയെ പാലക്കാട് ജില്ല ലഹരി വിരുദ്ധ സേനയും, ടൗൺ സൗത്ത് പോലീസും ചേർന്ന് പിടികൂടി. ആന്ധ്ര പ്രദേശ്, നെല്ലൂർ, ബട്ടുവരിപ്പാലം വില്ലേജിൽ ബോറെഡ്ഡി വെങ്കടേശ്വരലു റെഡ്ഡി വ :35, ഡ്രൈവറും സഹായിയുമായ തമിഴനാട് , സേലം, പനമരത്തുപെട്ടി സ്വദേശി വിനോദ് കുമാർ വ : 27 എന്നിവരെയാണ് പിടികൂടിയത്.



കേരളത്തിലെ വിവിധ ജില്ലകളിലെ കഞ്ചാവ് കച്ചവടക്കാർക്ക് നേരിട്ട് എത്തിച്ചു കൊടുക്കാൻ കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. ആന്ധ്രപ്രദേശിലെ വിശാഖപട്ടണത്തു നിന്നുമാണ് കഞ്ചാവ് കൊണ്ടുവന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി സുജിത്ത് ദാസ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പാലക്കാട് ടൗൺ സൗത്ത് സബ് ഇൻസ്പെക്ടർ R.രഞ്ജിത്ത്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.I. S. ജലീൽ , V. ജയകുമാർ, T.R. സുനിൽ കുമാർ, B.നസീറലി, റഹീം മുത്തു, R. കിഷോർ , സൂരജ് ബാബു, K. അഹമ്മദ് കബീർ, R. വിനീഷ് , R. രാജീദ്, ദിലീപ്, S. ഷമീർ , പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലെ ASI . T.R ശശി , SCPO M.സുനിൽ കുമാർ, CPO സതീഷ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

........................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT